പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 4007      21/06/2019 ൽ മറുപടിക്ക്

<u>ക്ഷേത്രത്തിനുള്ളിൽ ഷർട്ട് ധരിച്ച് പ്രവേശിക്കുവാൻ അനുവാദം</u>

ചോദ്യം      മറുപടി

**ശ്രീ.അനിൽ അക്കര**      കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ക്ഷേത്രത്തിനുള്ളിൽ ഷർട്ട് ധരിച്ച് പ്രവേശിക്കുവാൻ അനുവാദം വേണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരിൽ നിന്നാണ് ലഭിച്ചത് എന്നറിയിക്കാമോ; | (എ) | 1) ശ്രീ.പി.ജി.അഭിലാഷ്, പള്ളത്ത് ഹൗസ്, തൃശ്ശൂർ<br>2) ശ്രീ.പറമ്പൽ രാജീവൻ, മാത്തോട്ടം, കണ്ണാടിപ്പറമ്പ്.<br>3) ശ്രീ.വത്സലൻ കാട്ടുങ്ങൽ<br>4) ശ്രീ.മണ്ണടി പുഷ്പാകരൻ, മുൻ പഞ്ചായത്ത് മെമ്പർ (കടമ്പനാട്) ചൈതന്യ, മണ്ണടി.പി.ഒ<br>തുടങ്ങിയവരിൽ നിന്നും നിവേദനങ്ങൾ ലഭ്യമായിട്ടുണ്ട്. |
| (ബി) | ഇക്കാര്യത്തിൽ തിരുവിതാംകൂർ, കൊച്ചി, മലബാർ ദേവസ്വം ബോർഡുകളിലെ തന്ത്രിമാരുടെ അഭിപ്രായം തേടിയിട്ടുണ്ടോ; എങ്കിൽ അവരുടെ അഭിപ്രായം എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ? | (ബി) | തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിലവിൽ ഉത്തരവുള്ളതിനാൽ തന്ത്രിമാരുടെ അഭിപ്രായം തേടിയിട്ടില്ല.<br><br>കൊച്ചിൻ ദേവസ്വം ബോർഡ് തന്ത്രിമാരുടെ അഭിപ്രായം ആരാഞ്ഞിട്ടുണ്ടെങ്കിലും മറുപടി ലഭ്യമായിട്ടില്ല.<br><br>മലബാർ ദേവസ്വം ബോർഡ് തന്ത്രിമാരുടെ അഭിപ്രായം ആരാഞ്ഞതിൽ ക്ഷേത്രങ്ങളിൽ ഷർട്ട് ധരിച്ച് പ്രവേശിക്കുന്നത് അനുവദിക്കാൻ കഴിയില്ലെന്ന അഭിപ്രായമാണ് ചുരുക്കം ചില തന്ത്രിമാർ അറിയിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ